# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1246

12.06.2014-ൽ
മറുപടിയ്ക്ക്

## പ്ലാവിള-കോട്ടുക്കോണം റോഡിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) നേമം മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് , സംസ്ഥാന പൊതുമരാമത്തു നടപ്പിലാക്കുന്ന പ്ലാവിള-കോട്ടുക്കോണം റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് കരാറുകാരൻ കരാർ ഒപ്പിട്ടത് എന്നാണെന്നും പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകരാന് നൽകിയിരുന്ന കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പ്രവൃത്തിയുടെ കരാർ ഒപ്പിട്ടത് 30.09.2013-ലും പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാരന് നൽകിയിരുന്ന കാലാവധി 3 മാസവുമാണ്. |
| (ബി) ഒരു കിലോമീറ്ററോളം മാത്രമുള്ള പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാത്ത കരാറുകാരനെതിരെയും പ്രസ്തുത പ്രവൃത്തി കരാറുകാരനെ കൊണ്ടു പൂർത്തിയാക്കിക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരനോട് ബന്ധപ്പെട്ട അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ പലതവണ ആവശ്യപ്പെട്ടിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനാൽ, പ്രവൃത്തി വേഗം പൂർത്തിയാക്കുവാനും അല്ലാത്ത പക്ഷം കരാറുകാരന്റെ കഷ്ടനഷ്ടത്തിൽ പ്രവൃത്തി റദ്ദ് ചെയ്ത് തുടർ നടപടി എടുക്കുന്നതിനുമുള്ള നോട്ടീസ് കരാറുകാരന് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ